പതിനാലാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2842 — 18/06/2018 -ൽ മറുപടിയ്ക്ക്

## സർക്കാർ പ്രൈമറി സ്കൂളുകളിലെ പ്രധാനധ്യാപകർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ ഭരണച്ചുമതല, വിദ്യാഭ്യാസവകുപ്പുതല യോഗങ്ങൾ, എസ്.എസ്.എ.യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, സഹാധ്യാപകരുടെ ക്ലാസുപരിശോധന തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തു തീർക്കേണ്ട ഉത്തരവാദിത്തമുള്ള സർക്കാർ പ്രൈമറി സ്കൂളുകളിലെ പ്രധാനാധ്യാപകരെ ഒരു ക്ലാസ്സിന്റെ പൂർണ്ണച്ചുമതല ഏൽപ്പിക്കുക വഴി പ്രസ്തുത ക്ലാസ്സിലെ കുട്ടികളുടെ പഠനത്തെ അത് പ്രതികൂലമായി ബാധിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) 150-ൽ കൂടുതൽ കുട്ടികളുള്ള എൽ.പി.സ്കൂളുകളിലെയും 100-ൽ കൂടുതൽ കുട്ടികളുള്ള യു.പി.സ്കൂളുകളിലേയും പ്രഥമാദ്ധ്യാപകരെ ക്ലാസ്സ് ചാർജിൽ നിന്ന് ഒഴിവാക്കി പകരം അവിടെ ഒരു സംരക്ഷിത എൽ.പി.എസ്. ടീച്ചറെ/ യു.പി.എസ്. ടീച്ചറെ നൽകുന്നുണ്ട്. മറ്റുള്ള പ്രൈമറി സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലെന്നിരിക്കെ സർക്കാർ പ്രൈമറി പ്രധാനാധ്യാപകർക്ക് ഗസറ്റഡ് റാങ്ക് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല |

| | | | |
|---|---|---|---|
| (ഡി) | ഹൈസ്കൂൾ അദ്ധ്യാപകന് എച്ച്.എം., ഡി.ഇ.ഒ, ഡി.ഡി.ഇ, എ.ഡി.പി.ഐ, എന്നിങ്ങനെ സ്ഥാന ക്കയറ്റത്തിനുള്ള ഒട്ടേറെ തസ്തികകൾ നിലവിലിരിക്കെ, പ്രൈമറി അദ്ധ്യാപകൻ പ്രധാനാദ്ധ്യാപകൻ എന്ന ഏക പ്രമോഷനോടുകൂടി സേവനത്തിൽ നിന്ന് വിരമിക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഈ അനീതി ഒഴിവാക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തിക സർക്കാർ പ്രൈമറി പ്രധാനാദ്ധ്യാപകരുടെ പ്രമോഷൻ തസ്തികയാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ